**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26.09.2026**

## പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും; കൊല്ലത്തും തിരുവനന്തപുരത്തും വിവിധ പരിപാടികളിൽ പങ്കെടുക്കും.

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ അല്പസമയത്തിനകം കൊല്ലത്തെത്തും; സഹകരണ മേഖലയിലെ വനിതാ ശാക്തീകരണം ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കും.

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന്; ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

4. പ്രളയ ദുരിതബാധിതർക്കുള്ള ധനസഹായ വിതരണത്തിന്റെ പൂർണ ചുമതല താലൂക്ക് തലത്തിലേക്ക് വികേന്ദ്രീകരിച്ച് സംസ്ഥാന സർക്കാർ ഉത്തരവ്.

5. കേരളം, മാഹി, ലക്ഷദ്വീപ്, തെക്കൻ തമിഴ്നാട് തീരങ്ങളിൽ മറ്റന്നാൾ വരെ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുള്ളതിനാൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു; മത്സ്യബന്ധനത്തിനും വിലക്ക് ഏർപ്പെടുത്തി.

RNUTVPM

6. ഏഷ്യൻ ഗെയിംസ് കബഡിയിൽ സ്വർണം നേടി ഇന്ത്യൻ വനിതകൾ; ഷൂട്ടിംഗിൽ മലയാളി താരം വിദർശ്യ്ക്ക് ഇന്ന് വീണ്ടും വെള്ളി മെഡൽ.

## ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും. കൊല്ലം അമൃതപുരിയിൽ നടക്കുന്ന മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് തിരുവനന്തപുരത്ത് ബാലരാമപുരത്ത് നടക്കുന്ന എസ്.യു.റ്റി അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി സംബന്ധിക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**********************************

## അമിത്ഷാ-കൊല്ലം (ഇൻട്രോ)

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അല്പസമയത്തിനകം കൊല്ലത്ത് എത്തും. കുണ്ടറയിലും, അമൃതപുരിയിലും നടക്കുന്ന സമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുക്കും. സഹകരണ മേഖലയിൽ വനിതാ ശാക്തീകരണം ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ രമേശ് ചെന്നിത്തല, കെ. മുരളീധരൻ തുടങ്ങിയവർ പങ്കെടുക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....

(വോയിസ്)

RNU TVPM

**********************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11ന്. പരിപാടിയുടെ 138-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലയിലും, എ.ഐ.ആർ ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി തത്സമയം ലഭ്യമാകും.

**********************************

## ജയശങ്കർ-യു എൻ

ന്യൂയോർക്കിൽ നടക്കുന്ന ഐക്യരാഷ്ട്ര പൊതുസഭയുടെ 81-ാമത് സമ്മേളനത്തിന്റെ ഉന്നതതല പൊതുചർച്ചയെ കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ ഇന്ന് അഭിസംബോധന ചെയ്യും. 'വിശ്വാസം പുനഃസ്ഥാപിക്കൽ, മാറ്റങ്ങൾ കൈകാര്യം ചെയ്യൽ: എല്ലാവർക്കും ഫലപ്രദമാകുന്ന ഒരു ഐക്യരാഷ്ട്രസഭ' എന്ന പ്രമേയത്തിലാണ് ഇത്തവണത്തെ സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

RNU TVPM

**********************************

## പി എം-മൻമോഹൻ സിംഗ്

മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ആദരമർപ്പിച്ചു. പൊതുരംഗത്ത് വർഷങ്ങളോളം പ്രവർത്തിച്ച ഡോ. മൻമോഹൻ സിംഗ്

അർപ്പണബോധത്തോടെയാണ് രാജ്യത്തെ സേവിച്ചതെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

**********************************

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശഭരണ വാർഡുകളിലേക്ക് മറ്റന്നാൾ ഉപതിരഞ്ഞെടുപ്പ് നടക്കും. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ചൊവ്വാഴ്ചയാണ് വോട്ടെണ്ണൽ. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളുടെ പരിധിയിലെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റന്നാൾ പ്രദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

**********************************

PRD TVPM

## ബാങ്ക് പണിമുടക്ക്

രാജ്യവ്യാപക ബാങ്ക് പണിമുടക്കിന്റെ പശ്ചാത്തലത്തിൽ എല്ലാ പൊതുമേഖലാ ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും ഞായറാഴ്ചയാണെങ്കിലും നാളെ സാധാരണ നിലയിൽ പ്രവർത്തിക്കുമെന്ന് ധനമന്ത്രാലയം അറിയിച്ചു. ഉപഭോക്താക്കൾ ബാങ്കിംഗ് ഇടപാടുകൾ മുൻകൂട്ടി ആസൂത്രണം ചെയ്യണമെന്നും ഡിജിറ്റൽ, ഇതര ബാങ്കിംഗ് സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി അറിയിച്ചു. മറ്റന്നാൾ മുതൽ ബുധനാഴ്ച വരെയാണ് സംയുക്ത ബാങ്കിങ് ട്രേഡ് യൂണിയനുകൾ പണിമുടക്കുന്നത്.

**********************************

## പ്രളയ ധനസഹായം

പ്രളയ ദുരിതബാധിതർക്കുള്ള ധനസഹായ വിതരണം വേഗത്തിലാക്കാൻ നടപടി സ്വീകരിച്ച് സംസ്ഥാന സർക്കാർ. ധനസഹായ വിതരണത്തിന്റെ പൂർണ ചുമതല താലൂക്ക് തലത്തിലേക്ക് വികേന്ദ്രീകരിച്ച് സർക്കാർ ഉത്തരവിറക്കി. ഇതോടെ അപേക്ഷകൾ വേഗത്തിൽ പരിശോധിച്ച് അർഹരായവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനസഹായം നേരിട്ട് എത്തിക്കും.

**********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

RNU TVPM

**********************************

## കള്ളക്കടൽ

കേരളം -മാഹി - ലക്ഷദ്വീപ് - തെക്കൻ തമിഴ്നാട് തീരങ്ങളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മറ്റന്നാൾ പുലർച്ചെ 2.30 വരെ ശക്തമായ തിരമാലക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശമുണ്ട്. മേഖലകളിൽ ഈ ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ലക്ഷദ്വീപിൽ, കവരത്തി ദ്വീപിൽ നിന്നും മറ്റിതര ദ്വീപുകളിലേക്കുള്ള അതിവേഗ കപ്പലുകളുടെ ദ്വീപ് തല യാത്രകൾ താൽക്കാലിയമായി നിർത്തി വച്ചിരിക്കുകയാണ്.

തീരത്ത് എല്ലാവിധ വിനോദ പരിപാടികളും പൂർണ്ണമായും ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

***********************************

## സേവാ സങ്കൽപ് അഭിയാൻ (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുകയാണ്. രാജ്യത്തെ വഴിയോര കച്ചവടക്കാരെ പിന്തുണയ്ക്കുന്നതിനായി 2020 ൽ കേന്ദ്ര സർക്കാർ ആരംഭിച്ച പിഎം സ്വനിധി പദ്ധതിയിലൂടെ ഇതിനോടകം 1.12 കോടിയിലധികം വായ്പകൾ വിതരണം ചെയ്തു. പദ്ധതിയിലൂടെ ഈട് രഹിത വായ്പകൾ നൽകുന്നതിനു പുറമേ, വഴിയോര കച്ചവടക്കാർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

(ഹോൾഡ് വോയിസ്)

നഗരങ്ങളിലും പട്ടണങ്ങളിലുമായി 75 ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് പി എം സ്വനിധിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

***********************************

## തിരുവോണം ബമ്പർ

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബമ്പർ നറുക്കെടുപ്പ് ഇന്ന്. 30 കോടി രൂപയാണ് ഒന്നാം സമ്മാനം. ഉച്ചയ്ക്ക് 1.30ന് തിരുവനന്തപുരത്ത് ഗോർഖി ഭവനിൽ നടക്കുന്ന നറുക്കെടുപ്പിന്റെ ഉദ്ഘാടനം മന്ത്രി കെ. മുരളീധരൻ

RNU TVPM

നിർവഹിക്കും. ഈ വർഷത്തെ പൂജ ബമ്പർ ഭാഗ്യക്കുറിയുടെ പ്രകാശനവും ചടങ്ങിൽ നിർവ്വഹിക്കും.

***********************************

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വീണ്ടും സ്വർണം. വനിതകളുടെ കബഡിയിൽ ഇറാനെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സംഘം സുവർണ്ണ നേട്ടം കൈവരിച്ചത്. പുരുഷന്മാരുടെ കബഡി ഫൈനലിൽ ഇന്ത്യ ഉച്ചയ്ക്ക് ഇറാനുമായി ഏറ്റുമുട്ടും. മലയാളി താരം വിദർശ വിനോദിന് വീണ്ടും മെഡൽ. വനിതകളുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻസ് ടീം ഇനത്തിൽ തിലോത്തമ സെൻ, വിദർശ വിനോദ്, ആഷി ചൗക്സി എന്നിവരടങ്ങിയ സംഘം വെള്ളി നേടി.

PNU TVPM

***********************************

## ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ്

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ തിരുവനന്തപുരത്ത് നടക്കും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഉച്ചക്ക് രണ്ട് മണിക്കാണ് മത്സരം. രണ്ടാം മത്സരം ഈ മാസം 30 ന് ഗുവാഹത്തിയിലും അവസാന മത്സരം ഒക്ടോബർ മൂന്നിന് ഛത്തീസ്ഗഢിലുമാണ് നടക്കുന്നത്.

***********************************

## സൂപ്പർ ലീഗ് കേരള ഫുട്ബോൾ

കണ്ണൂരിൽ സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കാലിക്കറ്റ് എഫ്സി, തിരുവനന്തപുരം കൊമ്പൻസ് എഫ്സിയെ നേരിടും.

കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 7 മണിക്കാണ് മത്സരം.

***********************************

## ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ചെയർമാനായി പ്രമുഖ മലയാളം-തമിഴ് നടനും രാജ്യാന്തര തലത്തിൽ ശ്രദ്ധേയനായ ഫിലിം ഫെസ്റ്റിവൽ ക്യൂറേറ്ററുമായ രവീന്ദ്രനെ സർക്കാർ നിയോഗിച്ചു. പ്രശസ്ത നടിയും സാംസ്കാരിക പ്രവർത്തകയുമായ പ്രിയങ്ക നായരാണ് അക്കാദമിയുടെ വൈസ് ചെയർപേഴ്സൺ. കേരള സാഹിത്യ അക്കാദമി ചെയർമാനായി കൽപ്പറ്റ നാരായണനെയും സംഗീത നാടക അക്കാദമി ചെയർമാനായി ജി. വേണുഗോപാലിനെയും ലളിതകല അക്കാദമി ചെർമാനായി പ്രൊഫ. പ്രകാശ് മൂർത്തിയെയും നിയമിച്ചു. നടൻ പ്രേം കുമാർ ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനും എം രഞ്ജിത്ത് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാനുമാകും.

RIU TVPM

***********************************

## ഡോക്യുമെന്ററി ചലച്ചിത്രമേള

18-ാമത് കേരള അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേളയിൽ 24 ചിത്രങ്ങൾക്ക് കൂടി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അനുമതി നൽകി. നേരത്തെ 31 ചിത്രങ്ങൾക്ക് പ്രദർശനാനുമതി നിഷേധിച്ചിരുന്നു. സംസ്ഥാന ചലച്ചിത്ര അക്കാദമി നിയമനടപടി സ്വീകരിച്ച പശ്ചാത്തലത്തിൽ പ്രദർശനാനുമതി സംബന്ധിച്ച് നേരത്തെ മന്ത്രാലയത്തിന് നോട്ടീസ് അയച്ചിരുന്നു.

RNU TVPM